"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- 2019 ലെ പ്രളയത്തിൽ വീടിനു നാശനഷ്ടം സംഭവിച്ച ശ്രീ.അബ്ദുൽ റസാഖ്, കുറുക്കൻ ഹൗസ് എന്നിവർക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.65/2026/DMD തീയതി,തിരുവനന്തപുരം, 02-02-2026

പരാമർശം:- 1. 27/02/2023 ലെ സ.ഉ(സാധാ)നം.93/2023/ഡിഎംഡി

2. മലപ്പുറം ജില്ലാ കളക്ടറുടെ 04/02/2025 ലെ DCMPM /1845/2025-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി താലൂക്കിലെ ശ്രീ.അബ്ദുൽ റസാഖ്, കുറുക്കൻ ഹൗസ്, കക്കാട് പി.ഒ എന്നവർക്ക് പ്രകൃതിക്ഷോഭത്തിൽ വീടിന് നാശനഷ്ടം സംഭവിച്ചതിന് ധനസഹായം അനുവദിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടും നാളിതുവരെ തന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റായിട്ടില്ല എന്ന് കാണിച്ചുകൊണ്ട് ശ്രീ.അബ്ദുൽ റസാഖ്, അപേക്ഷ ലഭ്യമാക്കിയിട്ടുള്ളതായും, റിലീഫ് പോർട്ടൽ പരിശോധിച്ചതിൽ, ശ്രീ.അബ്ദുൽ റസാഖ്, കുറുക്കൻ ഹൗസ്, കക്കാട് പി.ഒ എന്നവരുടെ അപേക്ഷ ലാൻഡ് റവന്യൂ കമ്മീഷണർ (Sanctioned by Dr A Kowsigan IAS(Commissionerate of Land Revenue) അംഗീകരിച്ചിട്ടുള്ളതായും, വീടിന് 29% നാശനഷ്ടം സംഭവിച്ചിട്ടുള്ളതിന് കക്ഷിക്ക് SDRF വിഹിതമായി 28500/- രൂപയും, CMDRF വിഹിതമായി 31500/- രൂപയും ചേർത്ത് ആകെ 60,000/-രൂപ ധനസഹായം അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് തിയതി മുതൽ നാളിതുവരെയുള്ള കക്ഷിയുടെ 0825101072424 നം ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായിട്ടുള്ളതായി കാണുന്നില്ലയെന്നും, മേൽ സാഹചര്യത്തിൽ, ശ്രീ.അബ്ദുൽ റസാഖ്, കുറുക്കൻ ഹൗസ്, കക്കാട് പി.ഒ എന്നവരുടെ വീടിന് പ്രകൃതിക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ചതിനുള്ള ധനസഹായ തുക ടിയാന്റെ 0825101072424 നമ്പർ അക്കൗണ്ടിലേക്ക് (IFSC:-CNRB0000825) ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതി ക്ഷോഭത്തിൽ വീടിന് 29% നാശനഷ്ടം സംഭവിച്ചിട്ടുള്ളതിന് ശ്രീ.അബ്ദുൽ റസാഖ്, കുറുക്കൻ ഹൗസ്, എന്നിവർക്ക് അനുവദിച്ചിരുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിഹിതമായ 28500/- രൂപ 2245-02 113-99 F Repair to house എന്ന ശീർഷകത്തിൽ നിന്നും, CMDRF വിഹിതമായി 31500/- രൂപ TPA 701010200000080 അക്കൗണ്ടിൽ നിന്നും വകയിരുത്തി നല്കേണ്ട നടപടി (ആകെ 60,000/- രൂപ) ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതും ധനകാര്യ (ഫണ്ട്സ്) വകുപ്പ് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ (DBT) വഴി തുക വിതരണം പരാതിക്കാരന്റെ 0825101072424 നമ്പർ അക്കൗണ്ടിലേക്ക്

(IFSC :- CNRB0000825) ക്രെഡിറ്റ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, മലപ്പുറം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
CMDRF വകുപ്പ്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Vincent U
Date: 04-02-2026 11:24:38
സെക്ഷൻ ഓഫീസർ